# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| നവംബർ 19<br>November 19 | 2018 |
|---|---|

*1193 വൃശ്ചികം 3 തിങ്കൾ*

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

---

### സീറ്റൊഴിവ്

മല്ലപ്പള്ളി കെൽട്രോൺ നോളജ് സെന്ററിൽ ആരംഭിച്ച പ്രൊഫഷണൽ ഡിപ്ലോമ ഇൻ ലോജിസ്റ്റിക് ആൻഡ് സ്പെഷ്യലൈസ്ഡ് മാനേജ്മെന്റ് കോഴ്സിൽ ഒഴിവുള്ള സിറ്റുകളിലേക്ക് അപേക്ഷിക്കാം. ഫോൺ: 0469 2785525. (പിഎൻപി 3752/18)

### റേഷൻ കാർഡ് അപേക്ഷകൾ ഓൺലൈനായി മാത്രം

റേഷൻ കാർഡ് സംബന്ധമായ എല്ലാ അപേക്ഷകളും ഇനി മുതൽ ഓൺലൈനായി അക്ഷയ കേന്ദ്രങ്ങൾ വഴിയും സിറ്റിസൺ ലോഗിൻ വഴിയും മാത്രമേ സ്വീകരിക്കൂ. അപേക്ഷ സമർപ്പിക്കുന്നവർ മൊബൈൽ മെസേജ് ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട റേഷൻ കാർഡുമായി താലൂക്ക് സപ്ലൈ ഓഫീസിലെത്തി പുതിയ റേഷൻ കാർഡും സർട്ടിഫിക്കറ്റുകളും പണമടച്ച് കൈപ്പറ്റണം. അടിയന്തര സ്വഭാവമുള്ള അപേക്ഷകൾ ഓൺലൈനായി രജിസ്റ്റർ ചെയ്ത ശേഷം അതിന്റെ പ്രിന്റൗട്ടും അടിയന്തര ആവശ്യം വെളിവാക്കുന്ന രേഖകളും സഹിതം ആഫീസിൽ നേരിട്ട് ഹാജരാക്കിയാൽ മുൻഗണന ലഭിക്കും. അല്ലാതെയുള്ള അപേക്ഷകൾ നേരിട്ട് ഓഫീസിൽ സ്വീകരിക്കില്ല. (പിഎൻപി 3753/18)

### ഒറ്റത്തവണ നികുതി ശേഖരണം

ഏപ്രിൽ 2014 മുതൽ രജിസ്റ്റർ ചെയ്ത മോട്ടോർ ക്യാബ്/ടൂറിസ്റ്റ് മോട്ടോർ ക്യാബ് വാഹനങ്ങൾക്ക് 15 വർഷത്തെ ഒറ്റത്തവണ നികുതിക്ക് പകരം അഞ്ച് വർഷത്തെ നികുതി

അടച്ചവർക്ക് ഹൈക്കോടതിയുടെ അന്തിമവിധിക്ക് അനുസൃതമായി ബാക്കി 10 വർഷത്തെ നികുതി അടയ്ക്കുന്നതിന് അനുവദിച്ചിരുന്ന സമയപരിധി മാർച്ച് 30 വരെയാണ്. നവംബർ 30 വരെയുള്ള അധിക നികുതിയും പലിശയും ഉൾപ്പെടെയുള്ള തുക മൂന്ന് ഗഡുക്കളായി തിരിച്ച് ആദ്യ ഗഡു ഈ മാസം 30നകവും രണ്ടാം ഗഡു 2019 ജനുവരി 30നകവും മൂന്നാം ഗഡു 2019 മാർച്ച് 30നകവും അടയ്ക്കണമെന്ന് ആർടിഒ അറിയിച്ചു.

(പിഎൻപി 3754/18)

## നെൽവിത്ത് വിതരണം അവസാനഘട്ടത്തിലേക്ക്

അപ്പർകുട്ടനാട്ടിലെ നിരണം, കടപ്ര, പെരിങ്ങര, നെടുമ്പ്രം, കുറ്റൂർ, തിരുവല്ല നഗരസഭ എന്നിവിടങ്ങളിൽപ്പെട്ട മീന്തലക്കര, മീന്തലവയൽ, കവിയൂർ പുഞ്ച എന്നിവിടങ്ങളിലേക്കുള്ള വിത്ത് വിതരണം അവസാന ഘട്ടത്തിൽ. 1870 ഹെക്ടർ സ്ഥലത്താണ് ഈ പാടശേഖരങ്ങളിൽ ഈ വർഷം കൃഷിയിറക്കുന്നത്. 1149 ഹെക്ടർ സ്ഥലത്ത് ഉമ വിത്തും 722 ഹെക്ടർ സ്ഥലത്ത് ജ്യോതി വിത്തുമാണ് കൃഷിയിറക്കുന്നത്. കേരള സ്റ്റേറ്റ് സീഡ് ഡവലപ്മെന്റ് അതോറിറ്റി മുഖാന്തിരമാണ് വിത്ത് എത്തിക്കുന്നത്. വിത്ത് വിതച്ച് 15 മുതൽ 45 ദിവസത്തിനകം പാടശേഖരങ്ങൾ ഇൻഷുർ ചെയ്യണമെന്ന് നിർദേശിച്ചിട്ടുണ്ട്. ജനകീയാസൂത്രണ പദ്ധതി പ്രകാരം കൃഷിച്ചെലവ് ഹെക്ടറിന് 17000 രൂപ വരെ കർഷകർക്ക് നേരിട്ട് നൽകും. ആർകെബിവൈ പദ്ധതിയിൽപ്പെടുത്തി 1265 ഹെക്ടറിന് തുക അനുവദിച്ചിട്ടുണ്ട്.

(പിഎൻപി 3755/18)

## സ്കൂൾ വിദ്യാർഥികൾക്ക് പെയിന്റിംഗ്, ഉപന്യാസ മത്സരങ്ങൾ

ലോക മണ്ണ് ദിനത്തോടനുബന്ധിച്ച് ഈ മാസം 24ന് മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ യുപി ഹൈസ്കൂൾ വിദ്യാർഥികൾക്കായി പെയിന്റിംഗ്, ഉപന്യാസം എന്നീ ഇനങ്ങളിൽ പത്തനംതിട്ട മാർത്തോമ ഹയർ സെക്കൻഡറി സ്കൂളിൽ മത്സരം നടത്തും. പെയിന്റിംഗ് മത്സരം (വാട്ടർ കളർ) രാവിലെ 9.30 മുതൽ 12.30 വരെയും ഉപന്യാസ മത്സരം 1.30 മുതൽ മൂന്ന് വരെയുമാണ്. താത്പര്യമുള്ളവർ ഈ മാസം 23ന് വൈകിട്ട് നാലിന് മുമ്പ് 0468 2323105, 2224070 എന്നീ നമ്പരുകളിൽ ബന്ധപ്പെട്ടോ soilsurveypta@gmail.com എന്ന മെയിൽ വിലാസത്തിലോ രജിസ്റ്റർ ചെയ്യണം.

(പിഎൻപി 3756/18)

## പുനർജനി പദ്ധതി: ഉദ്ഘാടനം 23ന്

പ്രളയാനന്തരമുള്ള കാർഷിക മേഖലയുടെ പുനരുജ്ജീവനവും പുനരുദ്ധാരണവും ലക്ഷ്യമിട്ട് സംസ്ഥാന കൃഷി വകുപ്പ് നടപ്പാക്കുന്ന പുനർജനി പദ്ധതിയുടെ ഭാഗമായുള്ള ഏകദിന കർമ പരിപാടിയുടെ ഉദ്ഘാടനം 23ന് രാവിലെ 11.30ന് റാന്നി സർവീസ് സഹകരണ ബാങ്ക് ഓഡിറ്റോറിയത്തിൽ കൃഷിമന്ത്രി വി.എസ്.സുനിൽകുമാർ  നിർവഹിക്കും. രാജുഎബ്രഹാം എംഎൽഎ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ആന്റോ ആന്റണി എംപി സോയിൽ ഹെൽത്ത് കാർഡ് വിതരണം ചെയ്യും. എംഎൽഎമാരായ ചിറ്റയം ഗോപകുമാർ, വീണാ ജോർജ്, അടൂർ പ്രകാശ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി,  കൃഷി വകുപ്പ് ഡയറക്ടർ ഡോ.പി.കെ.ജയശ്രീ, ജില്ലാ കളക്ടർ പി.ബി.നൂഹ്, റാന്നി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഗിരിജ മധു, റാന്നി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശശികല രാജശേഖരൻ, ജില്ലാ പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷ എലിസബത്ത് അബു, വിവിധ തദ്ദേശഭരണ ഭാരവാഹികൾ, രാഷ്ട്രീയകക്ഷി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കും. രാവിലെ ഒമ്പതിന് പ്രളയാനന്തരം അനുവർത്തിക്കേണ്ട കാർഷിക മുറകളും ജൈവകൃഷി രീതികളും എന്ന വിഷയത്തിൽ കാർഷിക ചർച്ചാ ക്ലാസും നടക്കും.

പ്രളയക്കെടുതിയിൽ നിന്നും കേരളം കരകയറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ശാസ്ത്രീയ സമീപനത്തിലൂടെ കാർഷിക മേഖലയുടെ പുനസൃഷ്ടി സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി തയാറാക്കിയിട്ടുള്ളത്. (പിഎൻപി 3757/18)

## പൊതുജനങ്ങൾക്ക് മിൽമ ഡെയറി സന്ദർശിക്കാൻ അവസരം

ദേശീയ ക്ഷീരദിനാചരണത്തോടനുബന്ധിച്ച് നവംബർ 26നും 27നും പൊതുജനങ്ങൾക്ക് മിൽമയുടെ പത്തനംതിട്ട ഡെയറി സന്ദർശിച്ച് ഡെയറിയുടെ ദൈനംദിന പ്രവർത്തനങ്ങൾ കണ്ട് മനസ്സിലാക്കാൻ അവസരം. ക്ഷീരമേഖലയുമായി ബന്ധപ്പെട്ട ക്ലാസുകൾ, പ്രദർശന സ്റ്റാളുകൾ എന്നിവയും സജ്ജീകരിച്ചിട്ടുണ്ട്. ഇതോടനുബന്ധിച്ച് മിൽമ ഉത്പന്നങ്ങൾ കുറഞ്ഞ നിരക്കിൽ ഡെയറിയിൽ നിന്നും വാങ്ങാം. ഫോൺ: 9447287190, 9447699800. (പിഎൻപി 3758/18)

## പുറമറ്റം പഞ്ചായത്ത് ഓഫീസ് കെട്ടിടം ഉദ്ഘാടനം ചെയ്തു

തദ്ദേശഭരണ സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനം ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കാൻ സഹായിക്കുമെന്ന് ജലവിഭവ വകുപ്പ് മന്ത്രി മാത്യു ടി. തോമസ് പറഞ്ഞു. പുറമറ്റം ഗ്രാമപഞ്ചായത്തിന്റെ പുതിയ ഓഫീസ് മന്ദിരത്തിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. ജനങ്ങൾ ഏറ്റവും കൂടുതൽ ബന്ധപ്പെടുന്ന ഓഫീസുകളിലൊന്നാണ് പഞ്ചായത്ത് ഓഫീസ്. ഇവിടെയെത്തുന്നവർക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങളൊരുക്കി വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഏറ്റവും വേഗത്തിൽ സേവനങ്ങൾ ലഭ്യമാക്കുകയാണ് സർക്കാർ ലക്ഷ്യമെന്നും മന്ത്രി പറഞ്ഞു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് റെനി സനിൽ അധ്യക്ഷത വഹിച്ച ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി, കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് നിർമലാ മാത്യൂസ്, ഗ്രാമപഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷരായ ജോളി ജോൺ, രജനി ജയരാജൻ, ബ്ലോക്ക് പഞ്ചായത്തംഗങ്ങളായ ജിജി മാത്യു, ഈപ്പൻ പോൾ, ഗ്രാമപഞ്ചായത്ത് വൈസ്പ്രസിഡന്റ് രാജു പുളിമൂട്, വിവിധ തദ്ദേശഭരണ ഭാരവാഹികൾ, രാഷ്ട്രീയകക്ഷി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

61 ലക്ഷം രൂപ ചെലവഴിച്ചാണ് പൂർണമായും പരിസ്ഥിതി സൗഹൃദമായിട്ടുള്ള കെട്ടിടം നിർമിച്ചിട്ടുള്ളത്. ഫ്രണ്ട് ഓഫീസ്, ഹെൽപ്പ് ഡസ്ക്, കമ്മിറ്റി ഹാൾ, തദ്ദേശഭരണ ഭാരവാഹികൾക്കുള്ള പ്രത്യേക മുറികൾ തുടങ്ങി വിപുലമായ സൗകര്യങ്ങളാണ് പുതിയ കെട്ടിടത്തിൽ ഒരുക്കിയിട്ടുള്ളത്. (പിഎൻപി 3759/18)

**പ്രത്യേക പത്രക്കുറിപ്പ്**

## ഇന്ന് (20) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ

ശബരിമല തീർഥാടനത്തോടനുബന്ധിച്ച് ജില്ലയിൽ ഇന്ന് (20) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ: നീതി മെഡിക്കൽസ്, ജനറൽ ആശുപത്രിക്ക് സമീപം പത്തനംതിട്ട, ഗുഡ്ലൈഫ് മെഡിക്കൽസ് കോന്നി, മുത്തൂറ്റ് ഹോസ്പറ്റിൽ കോഴഞ്ചേരി, ഹോളിക്രോസ് ഹോസ്പിറ്റൽ അടൂർ, ഭാരത് മെഡിക്കൽ സ്റ്റോർ കുളനട, നീതി മെഡിക്കൽ സ്റ്റോർ ഗവൺമെന്റ് ഹോസ്പിറ്റൽ തിരുവല്ല, സെന്റ് തോമസ് മെഡിക്കൽസ് സ്റ്റോർ അങ്ങാടി റാന്നി, ഗ്രേസ് മെഡിക്കൽസ് വടശേരിക്കര. (പ്രത്യേക പത്രക്കുറിപ്പ് 17/18)

## നാളെ (21) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ

ശബരിമല തീർഥാടനത്തോടനുബന്ധിച്ച് ജില്ലയിൽ നാളെ (21) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ: ബർക്കത്ത് മെഡിക്കൽസ് കുമ്പഴ പത്തനംതിട്ട, നീതി മെഡിക്കൽ സ്റ്റോർ കോന്നി, കൃപ മെഡിക്കൽസ് കോഴഞ്ചേരി, കുളത്തിൻകരോട്ട് മെഡിക്കൽസ് അടൂർ, സപ്ലൈകോ മാവേലി മെഡിക്കൽസ് പന്തളം, ശ്രീ മെഡിക്കൽസ് മതിൽഭാഗം തിരുവല്ല, മേമന മെഡിക്കൽ സ്റ്റോർ അങ്ങാടി റാന്നി, പടിഞ്ഞാറെമണ്ണിൽ മെഡിക്കൽസ്, മാടമൺ റാന്നി.

(പ്രത്യേക പത്രക്കുറിപ്പ് 18/18)

# ഹരിത തീർഥാടനത്തിന് സജീവ ഇടപെടലുകളുമായി ശുചിത്വമിഷൻ

ശബരിമല മണ്ഡല മകരവിളക്ക് തീർഥാടനം പ്രകൃതിസൗഹൃദമായ രീതിയിൽ നടത്തുന്നതിന് സജീവമായ ഇടപെടലുകളാണ് ജില്ലാ ശുചിത്വമിഷൻ നടത്തുന്നത്. ബോധവത്ക്കരണം മുതൽ മാലിന്യ സംസ്കരണം വരെ എല്ലാ കാര്യങ്ങളിലും കൃത്യമായ ഇടപെടലുകൾ നടത്തത്തക്കവിധമാണ് ശുചിത്വമിഷൻ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിയിട്ടുള്ളത്. റെയിൽവേ കിയോസ്ക് വഴി തുണിസഞ്ചി വിതരണം, ഗ്രീൻ ഗാർഡ്സ്, പ്ലാസ്റ്റിക് വെയ്സ്റ്റ് കളക്ഷൻ, ശുചീകരണ പ്രവർത്തനങ്ങൾ, ബോധവൽക്കരണ കാർഡ്, പോസ്റ്ററുകൾ, ബസ് ബ്രാൻഡിംഗ്, റെയിൽവേ സംഗീതശകലം, വീഡിയോ പ്രദർശനം തുടങ്ങി പ്രകൃതി സൗഹൃദ തിരുവാഭരണ യാത്ര വരെ നീളുന്ന പരിപാടികളാണ് ശുചിത്വമിഷന്റെ നേതൃത്വത്തിൽ ഒരുക്കുന്നത്. ശബരിമല തീർത്ഥാടനത്തിനായി റെയിൽ മാർഗം ചെങ്ങന്നൂർ, റെയിൽവെ സ്റ്റേഷനിൽ എത്തിച്ചേരുന്ന തീർത്ഥാടകർക്കായി കന്നട, തെലുങ്ക്, തമിഴ് എന്നീ മൂന്ന് ഭാഷകളിൽ റെയിൽവേ സംഗീതശകലം വഴിയുള്ള ബോധവൽക്കരണം നൽകും. ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷനിൽ എത്തുന്ന തീർത്ഥാടകരിൽ നിന്നും പ്ലാസ്റ്റിക് ക്യാരിബാഗ് വാങ്ങുകയും പകരം സൗജന്യമായി തുണിസഞ്ചി നൽകുകയും ചെയ്യുന്ന കിയോസ്ക് പ്രവർത്തനം ഈ ആഴ്ച തന്നെ ആരംഭിക്കുമെന്ന് ശുചിത്വമിഷൻ ജില്ലാ കോർഡിനേറ്റർ കെ. രശ്മിമോൾ പറഞ്ഞു. പമ്പയിലേയ്ക്ക് വസ്ത്രങ്ങൾ വലിച്ചെറിയുന്നത് ആചാരവിരുദ്ധമാണെന്നും ശബരിമലയും കാനനപാതയും പ്ലാസ്റ്റിക് വിമുക്തമായി സംരക്ഷിക്കണമെന്നുള്ള വിവിധ ഭാഷയിലുള്ള സന്ദേശവും ശബരിമലയിലെ വിശേഷദിവസങ്ങളും രേഖപ്പെടുത്തിയ പോക്കറ്റ് കാർഡുകൾ ജില്ലയിലെ വിവിധ കേന്ദ്രങ്ങളിൽ വെച്ച് തീർത്ഥാടകർക്ക് വിതരണം ചെയ്യുന്നുണ്ട്. തീർത്ഥാടകരുടെ വാഹനങ്ങളിലും കെഎസ്ആർടിസി ബസുകളിലും ബോധവൽക്കരണ സ്റ്റിക്കറുകൾ എൻഎസ്എസ് വോളന്റിയർമാർ, ശുചിത്വമിഷൻ വോളന്റിയർമാർ വഴി പതിപ്പിക്കുന്നുണ്ട്. ജില്ലയിലേയും സമീപ ജില്ലകളിലേയും പ്രധാന കേന്ദ്രങ്ങളിലും ശബരിമല ഇടത്താവളങ്ങളിലും ബോധവൽക്കരണ പോസ്റ്ററുകൾ, ബസ് സ്റ്റാൻഡുകൾ, റെയിൽവേ സ്റ്റേഷനുകൾ, പമ്പ മറ്റ് കേന്ദ്രങ്ങൾ തുടങ്ങിയിടങ്ങളിൽ വീഡിയോ പ്രദർശനം എന്നിവയും ശുചിത്വമിഷന്റെ നേതൃത്വത്തിൽ നടത്തുന്നുണ്ട്. പമ്പയിലേയ്ക്ക് വസ്ത്രങ്ങൾ നിക്ഷേപിക്കുന്നത് നിരുത്സാഹപ്പെടുത്തുന്നതിന് പമ്പാ സ്നാനഘട്ടത്തിൽ ഗ്രീൻ ഗാർഡ്സ് എന്ന പേരിൽ ജില്ലാ ശുചിത്വമിഷന്റെ 30 റിസോഴ്സ് പേഴ്സന്മാർ ഉണ്ടാകും. 24 മണിക്കൂറും സേവനം ലഭ്യമാക്കുന്ന തരത്തിലാണ് ഇവരെ ക്രമീകരിക്കുക. പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നതിനായുള്ള ബോക്സുകൾ പമ്പ നിലയ്ക്കൽ എന്നിവിടങ്ങളിൽ ശുചിത്വമിഷൻ സ്ഥാപിച്ചിട്ടുണ്ട്. ളാഹ മുതൽ പമ്പ വരെയും കണമല മുതൽ ളാഹ വരേയും വാഹനങ്ങളിൽ സഞ്ചരിക്കുന്ന തീർത്ഥാടകർ പ്ലാസ്റ്റിക് കുപ്പികളും മറ്റ് പ്ലാസ്റ്റിക് വസ്തുക്കളും വനാതിർത്തികളിൽ അലക്ഷ്യമായി വലിച്ചെറിയുന്നത് പതിവാണ്. ഇങ്ങനെ തീർത്ഥാടകർ വലിച്ചെറിയുന്ന അജൈവ മാലിന്യങ്ങൾ വനംവകുപ്പിന്റെ എക്കോ ഗാർഡുകൾ വഴി ശേഖരിച്ച് ജില്ലാ ശുചിത്വമിഷന്റെ നേതൃത്വത്തിൽ സ്വകാര്യഏജൻസി മുഖേന നീക്കം ചെയ്യുന്നുമുണ്ട്. തിരുവാഭരണ ഘോഷയാത്രയുമായി ബന്ധപ്പെട്ട് തിരുവാഭരണപാതയിൽ ഭക്ഷണ പാനീയങ്ങൾ വിതരണം ചെയ്യുന്നതിനും മറ്റ് അലങ്കാരങ്ങൾക്കും പ്ലാസ്റ്റിക്, ഡിസ്പോസിബിൾ വസ്തുക്കൾ ഒഴിവാക്കി മാലിന്യങ്ങൾ കുറയ്ക്കുന്നതിനും പാത പരിശുദ്ധമായി സംരക്ഷിക്കുന്നതിനും ശുചിത്വമിഷന്റെ നേതൃത്വത്തിൽ ക്യാമ്പെയിൻ പ്രവർത്തനങ്ങൾ നടത്തും. തീർത്ഥാടന കാലയളവിന് ശേഷം പമ്പ, നിലയ്ക്കൽ, മറ്റു കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥലങ്ങളിലുള്ള ശുചീകരണ പ്രവർത്തനങ്ങൾക്കും ശുചിത്വമിഷൻ നേതൃത്വം നൽകും.

(പ്രത്യേക പത്രക്കുറിപ്പ് 19/18)

## ഫോട്ടോ അടിക്കുറിപ്പ്

1) പുറമറ്റം ഗ്രാമപഞ്ചായത്ത് ഓഫീസ് മന്ദിരത്തിന്റെ ഉദ്ഘാടന ജലവിഭവമന്ത്രി മാത്യു ടി. തോമസ് നിർവഹിക്കുന്നു.




**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

**കേരള സർക്കാർ**

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| | |
|---|---|
| **നവംബർ 19**<br>**November 19** | **2018** |

***1193 വൃശ്ചികം 3 തിങ്കൾ***

# പത്രക്കുറിപ്പ് -2

**www.prd.kerala.gov.in**, **diopta1@gmail.com** **ഫോൺ0468-2222657**

**ആവാസ് ഇൻഷ്വറൻസ് പദ്ധതി**

ഇതര സംസ്ഥാന തൊഴിലാളികൾക്കായി തൊഴിലും നൈപുണ്യവും വകുപ്പ് വിഭാവനം ചെയ്തിരിക്കുന്ന ആവാസ് ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായിട്ടുള്ള തൊഴിലാളികൾക്ക് പദ്ധതി പ്രകാരം ഒരു വർഷം 15000 രൂപയുടെ ചികിൽസാസഹായവും, അപകട ഇൻഷ്വറൻസായി രണ്ടു ലക്ഷം രൂപയും ലഭിക്കും. ഇനിയും എൻറോൾമെന്റ് ക്യാമ്പുകളിൽ പങ്കെടുത്ത് ഇൻഷ്വറൻസ് കാർഡ് കൈപ്പറ്റിയിട്ടില്ലാത്ത ഇതരസംസ്ഥാനതൊഴിലാളികൾ തിരിച്ചറിയൽ രേഖയുമായി ഹാജരായി ഇൻഷ്വറൻസ് കാർഡ് കൈപ്പറ്റണമെന്ന് പത്തനംതിട്ട ജില്ലാ ലേബർ ഓഫീസർ റ്റി. സൗദാമിനി അറിയിച്ചു. ഇതര സംസ്ഥാന തൊഴിലാളികളെ ജോലിക്കു നിയോഗിക്കുന്ന തൊഴിലുടമകൾ ജില്ലാ ലേബർ ഓഫീസിലോ അസിസ്റ്റന്റ് ലേബർ ഓഫീസുകളിലോ ഈ മാസം 26നകം ബന്ധപ്പെടണം. ഫോൺ : 0468 2222234.

(പിഎൻപി 3760/18)

**ആർടിഎ യോഗം 26ന്**

പത്തനംതിട്ട ആർടിഎ യോഗം ഈ മാസം 26ന് രാവിലെ 11ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേരും. (പിഎൻപി 3761/18)

**സ്പെഷ്യൽ ഗ്രാമസഭ**

ഏനാദിമംഗലം ഗ്രാമപഞ്ചായത്തിലെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ഭിന്നശേഷിയുള്ളവരുടെ സ്പെഷ്യൽ ഗ്രാമസഭ ഈ മാസം 22ന് ഉച്ചയ്ക്ക് ശേഷം 1.30നും

സ്ത്രീകൾ, കുട്ടികൾ, വയോജനങ്ങൾ എന്നിവരുടെ ഗ്രാമസഭ വൈകിട്ട് മൂന്നിനും ഏനാദിമംഗലം സിഎച്ച്സിയിൽ കൂടും. (പിഎൻപി 3762/18)

## ജന്തുക്ഷേമ സെമിനാർ നടത്തി

മൃഗസംരക്ഷണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ ജില്ലാതല ജന്തുക്ഷേമ സെമിനാർ നടത്തി. സെമിനാർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണദേവി ഉദ്ഘാടനം ചെയ്തു. ആവാസ വ്യവസ്ഥയിൽ എല്ലാ ജീവജാലങ്ങളും പ്രധാനമാണെന്നും അവയുടെ ക്ഷേമം ഉറപ്പാക്കേണ്ടത് പരിസ്ഥിതി സന്തുലിതാവസ്ഥയ്ക്ക് അനിവാര്യമാണെന്നും പ്രസിഡന്റ് പറഞ്ഞു. തെരുവുനായ നിയന്ത്രണം- പ്രായോഗിക വശങ്ങളും നിയന്ത്രണങ്ങളും എന്ന വിഷയത്തിൽ ഡോ. കെ.എസ് കിഷോർ, ഡോ. ആക്ലി ജോർജ് എന്നിവരും എസ്പിസിഎ നിയമങ്ങളും തദ്ദേശഭരണ സ്ഥാപനങ്ങളും എന്ന വിഷയത്തിൽ ഡോ. ഷൈൻകുമാറും ക്ലാസെടുത്തു. സെമിനാറിൽ മൃഗസംരക്ഷണ വകുപ്പ് ജില്ലാ പിആർഒ ഡോ. എം മാത്യു മോഡറേറ്ററായിരുന്നു. ജില്ലാ പഞ്ചായത്ത് വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ എലിസബത്ത് അബു അധ്യക്ഷയായിരുന്നു. ജില്ലാ മൃഗസംരക്ഷണ ഓഫീസർ ഡോ. ബാബു എബ്രഹാം, ഡെപ്യൂട്ടി ഡയറക്ടർ ഡോ.ജി. അംബികാദേവി, ഐസിഡിപി പ്രൊജക്ട് ഓഫീസർ ഡോ. എലിസബത്ത് ഡാനിയേൽ, നാരങ്ങാനം പഞ്ചായത്ത് പ്രസിഡന്റ് കടമ്മനിട്ട കരുണാകരൻ, കുടുംബശ്രീ കോർഡിനേറ്റർ സീമ വി.എസ്, കുമ്പഴ ക്ഷീരോത്പാദക സഹകരണ സംഘം പ്രസിഡന്റ് റോയി മാടപ്പള്ളിൽ, പത്തനംതിട്ട സീനിയർ വെറ്ററിനറി സർജൻ ഡോ. രാജൻ ഈശോ എന്നിവർ സംസാരിച്ചു.

(പിഎൻപി 3763/18)

## ശബരിമല തീർത്ഥാടകർക്ക് ഇൻഫർമേഷൻ കിയോസ്കുകളുമായി കുടുംബശ്രീ

ശബരിമല തീർഥാടകരുടെ സഹായത്തിനായി കുടുംബശ്രീ വിവിധ സ്ഥലങ്ങളിൽ ഇൻഫർമേഷൻ കിയോസ്കുകൾ തുടങ്ങി. ആദ്യഘട്ടത്തിൽ ശബരിമല പാതയിൽ ആനന്ദപ്പള്ളി, തട്ട, റാന്നി-പെരുനാട്, പത്തനംതിട്ട ജനറൽ ആശുപത്രി, കുളനട, കനാൽപാലം എന്നിവിടങ്ങളിലാണ് ഇൻഫർമേഷൻ കിയോസ്കുകൾ ഒരുക്കിയിരിക്കുന്നത്. തീർഥാടകർക്ക് ആവശ്യമായ വിവരങ്ങൾ നൽകുന്നതോടൊപ്പം പാനീയങ്ങളും ലഘുഭക്ഷണങ്ങളും കുറഞ്ഞ നിരക്കിൽ നൽകാൻ പദ്ധതിയുണ്ട്. മിഷൻ ഗ്രീൻ ശബരിമലയുടെ ഭാഗമായി പ്ലാസ്റ്റിക് ഒഴിവാക്കുന്നതിന് തീർഥാടകർക്ക് കിയോസ്കുകളിൽ നിന്ന് തുണിസഞ്ചികൾ വിതരണം ചെയ്യും. ഇതിന്റെ നിർമാണത്തിനായി പത്ത് യൂണിറ്റുകളെയാണ് ചുമതലപ്പെടുത്തിട്ടുള്ളത്. തുണിസഞ്ചിയുടെ വിതരണം ആരംഭിച്ചിട്ടുണ്ട്. ഒരു ദിവസം നാലായിരം തുണിസഞ്ചികൾ വരെയാണ് വിതരണം ചെയ്യുന്നത്. നിലവിൽ 25000 തുണിസഞ്ചികളുടെ നിർമാണമാണ് പൂർത്തിയായിട്ടുള്ളത്. ളാഹ, കണമല എന്നിവിടങ്ങളിലും തുണിസഞ്ചികൾ വിതരണം ചെയ്യുന്നുണ്ട്. ഇതിനായി 20 കുടുംബശ്രീ പ്രവർത്തകരെ ഇവിടങ്ങളിൽ നിയോഗിച്ചിട്ടുണ്ട്. തീർത്ഥാടകർക്ക് ആവശ്യമായ സേവനം നൽകുന്നതിനായി നൂറ് കുടുംബശ്രീ പ്രവർത്തകരെ പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ സ്പെഷ്യൽ ഡ്യൂട്ടിക്കായും നിയോഗിച്ചിട്ടുണ്ട്. (പ്രത്യേക പത്രക്കുറിപ്പ് 20/18)

## ശബരിമല തീർഥാടനം: ഭക്ഷണ സാധനങ്ങളുടെ വിലവിവരപ്പട്ടിക

ശബരിമല മണ്ഡല-മകരവിളക്ക് തീർഥാടനത്തോടനുബന്ധിച്ച്, സന്നിധാനം, പമ്പ/നിലയ്ക്കൽ/മറ്റു സ്ഥലങ്ങൾ എന്നിവിടങ്ങളിലെ വെജിറ്റേറിയൻ ഭക്ഷണ സാധനങ്ങളുടെ വില നിശ്ചയിച്ച് ജില്ലാ കളക്ടർ ഉത്തരവായി. വിലവിവരം ഭക്ഷണ സാധനം, അളവ്, സന്നിധാനത്തെ വില, മറ്റിടങ്ങളിലെ വില എന്ന ക്രമത്തിൽ;

ചായ/കാപ്പി-150 മി.ലി, 11, 10, ചായ/കാപ്പി (മധുരം ഇല്ലാത്തത്)-150 മി.ലി, 9,8

കടുംകാപ്പി/കടുംചായ– 150 മി.ലി, 9,8, ഇൻസ്റ്റന്റ് കാപ്പി/മെഷീൻ കാപ്പി– 150 മി.ലി, 15,15, ബോൺവിറ്റ/ഹോർലിക്സ് – 150 മി.ലി, 20,20, പരിപ്പുവട/ഉഴുന്നുവട– 40 ഗ്രാം, 10,10, ബോണ്ട– 75 ഗ്രാം, 10,10, ഏത്തയ്ക്കാപ്പം (പകുതി ഏത്തയ്ക്ക)– 50 ഗ്രാം, 11,10, ബജി– 30ഗ്രാം, 8,7, ദോശ/ഇഡ്ലി (1 എണ്ണം) ചട്നി, സാമ്പാർ ഉൾപ്പെടെ– 50ഗ്രാം, 9,8, ചപ്പാത്തി–40 ഗ്രാം, 10,10, പൂരി (1 എണ്ണം) മസാല ഉൾപ്പെടെ– 40ഗ്രാം, 9,8, പൊറോട്ട (1 എണ്ണം)– 50ഗ്രാം, 10,10, പാലപ്പം/ഇടിയപ്പം–50ഗ്രാം, 9,8, നെയ്റോസ്റ്റ്–150 ഗ്രാം, 38,35, മസാല ദോശ– 200 ഗ്രാം, 45,40, പീസ് കറി/കടലക്കറി/കിഴങ്ങ് കറി–100 ഗ്രാം, 25,25, ഉപ്പുമാവ്–200 ഗ്രാം, 22,20, ഊണ് (പച്ചരി/പുഴുക്കലരി)–സാമ്പാർ, മോര്, രസം, പുളിശേരി, തോരൻ, അവിയൽ, അച്ചാർ ഉൾപ്പെടെ–60,60, ആന്ധ്രാ ഊണ്–60,60, വെജിറ്റബിൾ ബിരിയാണി–350 ഗ്രാം, 60,60, കഞ്ഞി (പയർ, അച്ചാർ ഉൾപ്പെടെ)–750 മി.ലി, 35,30, കപ്പ–250 ഗ്രാം–30, 25, തൈര് സാദം–45,43, നാരങ്ങാസാദം–43,40, തൈര് ഒരു കപ്പ്–12,10, വെജിറ്റബിൾ കറി/ഡാൽ കറി–100ഗ്രാം, 20,20, ടൊമാറ്റോ ഫ്രൈ–125 ഗ്രാം, 30,30, പായസം –75 മി.ലി, 15,12, ഒനിയൻ/ടൊമാറ്റോ ഊത്തപ്പം–125 ഗ്രാം, 55,50,

(പിഎൻപി 21/18)

## ഫോട്ടോ അടിക്കുറിപ്പ്

1) മൃഗസംരക്ഷണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ നടന്ന ജില്ലാതല ജന്തുക്ഷേമ സെമിനാർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണദേവി ഉദ്ഘാടനം ചെയ്യുന്നു.




**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**